**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3654** **12-03-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ അലിയാർ സ്മാരക വായനശാല കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ മാലിപ്പുറത്ത് പ്രവർത്തിക്കുന്ന അലിയാർ സ്മാരക വായനശാലയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | അലിയാർ സ്മാരക വായനശാലയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഇല്ലാത്തതിനാൽ ആയത് ഹാജരാക്കുവാൻ അലിയാർ സ്മാരക ഗ്രന്ഥശാല സെക്രട്ടറിയ്ക്ക് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി നിർദേശം നൽകിയിട്ടുണ്ട് . |
| (ബി) | ഇതു സംബന്ധിച്ച് 22.07.2024-ലെ ഉന്നതവിദ്യാഭ്യാസ (എ) വകുപ്പിലെ എ2/149/2024/HEDN നമ്പർ ഫയലിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറിയോട് ആവശ്യപ്പെട്ട അടിയന്തര റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. റിപ്പോർട്ട് അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത ധനസഹായം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | ആവശ്യമായ രേഖകൾ അടങ്ങുന്ന അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

[ 1989 ലെ പബ്ലിക് ലൈബ്രറീസ് ആക്ട് അനുസരിച്ച് സംയോജിക്കപ്പെട്ടത് ]

**(കേരള ഗ്രന്ഥശാലാ സംഘം)**

പാളയം, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം – 33

ഫോൺ : 0471 2328802, 2328806, 2328808 ഇ – മെയിൽ : keralaslc@gmail.com


**"ഭരണഭാഷ മാതൃഭാഷ"**

നമ്പർ C3-387/2024 തീയ്യതി :21-08-2024

പ്രിൻസിപ്പൽ സെക്രട്ടറി
ഉന്നത വിദ്യാഭ്യാസ (A )വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം:- കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ - എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിലെ രജി നമ്പർ-3526 അലിയാർ സ്മാരക വായനശാല മാലിപ്പുറം ലൈബ്രറിക്ക് കെട്ടിട ഗ്രാന്റ് അനുവദിക്കുന്നത് സംബന്ധിച്ച് .

സൂചന:- ഉന്നത വിദ്യാഭ്യാസ (A ) വകുപ്പിലെ 22-07-2024 ലെ A2 /149/2024/H E D N നമ്പർ-കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ രജിസ്റ്റർ നമ്പർ 3526 ആയി അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന ലൈബ്രറിയാണ് അലിയാർ സ്മാരക വായനശാല. കെട്ടിട ഗ്രാന്റ് ലഭ്യമാകുന്നതിന് അപേക്ഷ സമർപ്പിക്കുമ്പോൾ ഹാജരാക്കേണ്ട മാനദണ്ഡങ്ങൾ ഗ്രന്ഥശാല സെക്രട്ടറിയെ അറിയിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു .ഗ്രന്ഥശാലയ്ക്ക് നൽകിയ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു .

വിശ്വസ്തതയോടെ,

Signed by
Madhu V K
Date: 21-08-2024 15:40:03

വി.കെ. മധു
സെക്രട്ടറി

# കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

[ 1989 ലെ പബ്ലിക് ലൈബ്രറീസ് ആക്ട് അനുസരിച്ച് സംയോജിക്കപ്പെട്ടത് ]

(കേരള ഗ്രന്ഥശാലാ സംഘം)

പാളയം, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം – 33

ഫോൺ : 0471 2328802, 2328806, 2328808 ഇ – മെയിൽ : keralaslc@gmail.com


"ഭരണഭാഷ മാതൃഭാഷ"

നമ്പർ C3-387/2024 തീയ്യതി :21-08-2024

സെക്രട്ടറി

രജി നമ്പർ-3526

അലിയാർ സ്മാരക വായനശാല

മാലിപ്പുറം

കൊച്ചി, എറണാകുളം ജില്ല.

സർ,

വിഷയം:- കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ - എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിലെ രജി നമ്പർ-3526 അലിയാർ സ്മാരക വായനശാല മാലിപ്പുറം ലൈബ്രറിക്ക് കെട്ടിട ഗ്രാന്റ് അനുവദിക്കുന്നത് സംബന്ധിച്ച് .

സൂചന:- ഉന്നത വിദ്യാഭ്യാസ (A ) വകുപ്പി ലെ 22-07-2024 ലെ A2 /149/2024/H E D N നമ്പർ-കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കൊച്ചി താലൂക്കിലെ അലിയാർ സ്മാരക വായനശാലയ്ക്ക് കെട്ടി ഗ്രാന്റ് കേരള സ്റ്റേറ്റ് ലൈബ്രറി കൗണ്സിലിൽ നിന്നും ലഭ്യമാകുന്നതിന് ചുവടെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

1. ലൈബ്രറി പ്രസിഡന്റിന്റെ അപേക്ഷ.

2. P W D ബിൽഡിംഗ് ഡിവിഷൻ സിവിൽ എഞ്ചിനീയർ അംഗീകരിച്ച പ്ലാനും എസ്റ്റിമേറ്റും ഇതിൽ പ്രസിഡന്റ് ഒപ്പ് വയ്ക്കണം.
3. പഞ്ചായത്തിന്റെ ബിൽഡിംഗ് പെർമിറ്റ് .
4. പ്രമാണത്തിന്റെ പകർപ്പ് അറ്റസ്റ്റ് ചെയ്ത് ലൈബ്രറിയുടെ സീലും പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും ഒപ്പും സീലും പതിക്കണം .
5. കരം അടച്ച രസീതിന്റെ പകർപ്പ് .
6. കൈവശാവകാശ സർട്ടിഫിക്കറ്റ് .
7. 13 വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ് .
8. P W D നിരക്കിലാണ് എസ്റ്റിമേറ്റ് എന്നുള്ള വിവരം
9. 2/3 ഭാഗം തുക സംഭരിച്ച വിവരം .

10. മറ്റ് ഏജൻസികളിൽ നിന്നും ഗ്രാന്റ് വാങ്ങിയിട്ടില്ലായെന്നുള്ള സത്യവാങ് മൂലം.

മേൽ രേഖകൾ തയ്യാറാക്കി താലൂക്ക് ലൈബ്രറികൗൺസിലിന് നൽകേണ്ടതാണ് **61m$^2$** ന് മുകളിൽ പ്പ്ലിന്തേരിയ ഉള്ള കെട്ടിടങ്ങൾക്ക് എസ്റ്റിമേറ്റിന്റെ പകുതിയോ പരമാവധി **5** ലക്ഷം രൂപയോ ഏതാണ് കുറവ് അതായിരിക്കും അനുവദിക്കുക.

ലൈബ്രറിയിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് അർഹതപ്പെട്ട ഗ്രാന്റ് നൽകുന്നതാണ് ന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Madhu V K
Date: 21-08-2024 15:39:40

വി.കെ. മധു
സെക്രട്ടറി